LIBRARY ARCHIVES Kerala Legislative Assembly

പക്ഷിപ്പനിമൂലം കൂട്ടമായി ചത്ത താറാവുകളുടെ എണ്ണം

237 (3524) ശ്രീമതി കെ. എസ്. സലീഖ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സമയങ്ങളിൽ പക്ഷിപ്പനി പ്രശ്നങ്ങളും പരിശോധനകളും പക്ഷി മരണങ്ങളും നടന്നിട്ടുണ്ട് ;

(ബി) എത്ര താറാവു കൃഷിക്കാർ ഉണ്ടെന്നും ഇവർ എത്ര താറാവുകളെ വളർത്തുന്നു എന്നും, ഇതിനായി സംസ്ഥാനത്താകമാനം പ്രസ്തുത കൃഷിക്കായി ചെലവാകുന്ന തുക എത്ര എന്നും വ്യക്തമാക്കുമോ ;

(സി) പക്ഷിപ്പനിമൂലം കൂട്ടമായി ചത്ത താറാവുകളുടെ എണ്ണം ഉദ്ദേശം എത്രയെന്നും ഇതുമൂലം കർഷകർക്കുണ്ടായ നഷ്ടം എത്രയെന്നും വിശദമാക്കുമോ ;

(ഡി) പക്ഷിപ്പനിമൂലം എത്ര താറാവുകളെ കത്തിച്ചു ; ഇതുമൂലം കർഷകർക്കുണ്ടായ നഷ്ടം എത്ര ; വ്യക്തമാക്കുമോ ;

(ഇ) ഇത്തരം നഷ്ടം സംഭവിച്ച കർഷകർക്ക് എന്തൊക്കെ ധനസഹായം നൽകി ; നാളിതുവരെ ഇതിനായി ചെലവഴിച്ച തുക എത്ര ;

(എഫ്) പക്ഷിപ്പനിക്ക് കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ; പ്രസ്തുത വൈറസ് മനുഷ്യരിലേക്ക് പടരാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2014 നവംബറിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ് പക്ഷിപ്പനിയോ പക്ഷിപ്പനിമൂലമുള്ള മരണമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) താറാവ് കർഷകർ ക്കൂട്ടത്തിലും അസംഘടിത മേഖലയിലുള്ളവരായതിനാൽ വ്യക്തമായ കണക്ക് ലഭ്യമല്ല. സംസ്ഥാന സർക്കാർ താറാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പക്ഷിപ്പനിമൂലം കൂട്ടമായി ചത്ത താറാവുകളുടെ എണ്ണം 17835 ആണ്. ഇതുമൂലം കർഷകർക്കുണ്ടായ നഷ്ടം 44.5 ലക്ഷം രൂപയാണ്.

(ഡി) പക്ഷിപ്പനി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 2,66,733 താറാവുകളെ കൊന്ന് സംസ്കരിച്ചു. നഷ്ടം കൃത്യമായി കണക്കാക്കിയിട്ടില്ല. നഷ്ടപരിഹാരമായി കർഷകർക്ക് 8-12-2014 വരെ 1,37,94,000 രൂപ നൽകിയിട്ടുണ്ട്.

(ഇ) നഷ്ടം സംഭവിച്ച കർഷകർക്ക് 2 മാസവും അതിനുമേലും പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ ക്രമത്തിലും കൂടാതെ മുട്ടകൾക്കും, മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ ക്രമത്തിലും നഷ്ടപരിഹാരം നൽകിവരുന്നു. 8.12.2014 വരെ 1,37,94,000 രൂപ കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(എഫ്) പക്ഷിപ്പനിക്ക് കാരണമായ എച്ച്5 എൻ1 വൈറസ് ദേശാടന പക്ഷികളിലൂടെയാണ് സംസ്ഥാനത്ത് എത്തപ്പെട്ടതെന്ന് അനുമാനിക്കുന്നു. പ്രസ്തുത വൈറസ് മനുഷ്യരിലേയ്ക്ക് പടരാതിരിക്കുന്നതിന് രോഗബാധ സ്ഥിരീകരിച്ച സ്ഥലങ്ങളിൽ 1 കി. മീ. ദൂര പരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. 10 കി. മീ. ചുറ്റളവിലെ നിരീക്ഷണം ശക്തമാക്കുകയും രോഗബാധ സ്ഥിരീകരിച്ച സ്ഥലത്ത് അണുനാശിനി പ്രയോഗവും സാനിട്ടേഷൻ പ്രവൃത്തികളും നടത്തുകയും ചെയ്തു. പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ആളുകൾക്ക് പ്രതിരോധ മരുന്നും പി.പി.ഇ. കിറ്റുകളും നൽകിയിരുന്നു.

അതിർത്തി ചെക്ക്പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധന

238 (3525) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധന വെറ്ററിനറി ഡോക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം പരിശോധനകളിലൂടെ രോഗബാധിതമെന്നു കണ്ട എത്ര കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട് ; ആയിതിന് കേസ്സ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഏതെല്ലാം ചെക്ക് പോസ്റ്റുകളിലാണ് ഇത്തരം സംവിധാനം ക്രമീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ; എന്തെല്ലാം പരിശോധനാ സംവിധാനങ്ങളാണ് ഇവിടെ ക്രമീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly